# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ: **2422**

09.03.2018-ലെ മറുപടി

### ഉദയംപേരൂർ പഞ്ചായത്തിലെ കുടിവെള്ളക്ഷാമം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എം.സ്വരാജ് | | മാത്യു ടി.തോമസ്<br>(ജലവിഭവ വകുപ്പുമന്ത്രി) | |
| (എ) | തൃപ്പൂണിത്തുറ മണ്ഡലത്തിലെ ഉദയംപേരൂർ പഞ്ചായത്തിൽ അനുഭവപ്പെടുന്ന കുടിവെള്ളക്ഷാമം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഇത് പരിഹരിക്കുന്നതിലേക്കായി ഏതെങ്കിലും പുതിയ പദ്ധതികൾ തയ്യാറാക്കി വരുന്നുണ്ടോ; ഉണ്ടെങ്കിൽ അവയുടെ വിശദാംശം ലഭ്യമാക്കുമോ; | (ബി) | ഉദയം പേരൂർ പഞ്ചായത്തിലെ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി താഴെ പറയുന്ന ഘടകങ്ങൾ ഉൾപ്പെടുത്തി പദ്ധതി വിഭാവനം ചെയ്തു വരുന്നു. കരിങ്ങച്ചിറ പമ്പ് ഹൗസിൽ പുതിയ പമ്പ് സെറ്റ് സ്ഥാപിച്ച് അവിടെ നിന്നും ഉദയം പേരൂർ ജങ്ങ്ഷൻ വരെ പുതിയ 400 എം.എം.ഡി.ഐ പൈപ്പ് 5399 മീറ്റർ നീളത്തിൽ സ്ഥാപിക്കാനും, ഉദയം പേരൂർ ജംഗ്ഷൻ മുതൽ വലിയകുളം വരെ 350 എം.എം. ഡിഐ പൈപ്പും സ്ഥാപിക്കാനും വലിയകുളത്ത് ഒരു പുതിയ 15 ലക്ഷം സംഭരണശേഷിയുള്ള ഉന്നതതല ജല സംഭരണി കൂടാതെ ഉദയംപേരൂർ പഞ്ചായത്തിലെ പഴയതും വ്യാസം കുറഞ്ഞതുമായ പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്ന പ്രവൃത്തിയും കൂടി ഈ പ്രോജക്ടിൽ ഉൾപ്പെടുത്തുന്നുണ്ട്. |
| (സി) | പ്രസ്തുത പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്ന് വെളിപ്പെടുത്തുമോ? | (സി) | പരിശോധിച്ചുവരുന്നു. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് പണി ആരംഭിച്ചു കഴിഞ്ഞാൽ 2 വർഷത്തിനകം പൂർത്തിയാക്കുവാൻ കഴിയുന്നതാണ്. |

സെക്ഷൻ ഓഫീസർ